# പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ.
## (ഹാജർ-ഡോ പി കെ ജയശ്രീ ഐ എ എസ്)

വിഷയം: - പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം - ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഗ്രാമ പഞ്ചായത്തുകളിലെ സെക്രട്ടറി തസ്തികയിലെ താത്കാലിക സ്ഥാനക്കയറ്റം-അനുവദിച്ച് -**ഉത്തരവാകുന്നു.**

പരാമർശം: -

1. 03.10.1962 തീയതിയിലെ GO(MS) No.506/62/PD സർക്കാർ ഉത്തരവ്
2. ശ്രീ മുസ്റ്റിൻ പി എം സമർപ്പിച്ച OA 1207/2019 ഹർജിയിലെ ഉത്തരവ്
3. ശ്രീ മുസ്റ്റിൻ പി എം സമർപ്പിച്ച OA 1810/2019 ഹർജിയിലെ 4.09.2019 തീയതിയിലെ ഉത്തരവ്
4. 20.08.2020 തീയതിയിലെ GO(Rt) No.1554/2020/LSGD ഉത്തരവ്
5. 05.02.2021 തീയതിയിലെ GO(Rt) No.1308/2021/LSGD ഉത്തരവ്
6. പഞ്ചായത്ത് ഡയരക്ടറുടെ 10.03.2021 തീയതിയിലെ PAN/10219/2019-E1(DP) നമ്പർ ഉത്തരവ്
7. പഞ്ചായത്ത് ഡയരക്ടറുടെ 08.02.2021 തീയതിയിലെ PAN/10219/2019-E1(DP) നമ്പർ കത്ത്
8. ശ്രീ ആനന്ദൻ സമർപ്പിച്ച OA 960/2021 ഹർജിയിലെ 27.05.2021 തീയതിയിലെ ഇടക്കാല ഉത്തരവ്
9. ശ്രീ നവാസ് സമർപ്പിച്ച OA 835/2021 ഹർജി
10. Gazette Notification No.910 Dated 23.02.2021

**<u>ഉത്തരവ് നമ്പർ PAN/7356/2021-E1(DP) തീയതി :02/07/2021</u>**

പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന തമിഴ് ഭാഷാ ന്യൂനപക്ഷ പരീക്ഷ പാസ്സായ അസി . സെക്രട്ടറി/ജൂനിയർസൂപ്രണ്ട് തസ്തികയിലുള്ള ജീവനക്കാരെ KS&SSR ചട്ടം 9(d) പ്രകാരം താൽക്കാലികമായി സെക്രട്ടറിയായി ഉദ്യോഗകയറ്റം നൽകി തമിഴ് ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളായ ഇടുക്കി ജില്ലയിലെ ഉടുമ്പൻ ചോല, ദേവികുളം താലൂക്കിലും പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ ഗ്രാമ പഞ്ചായത്തുകളിലും കന്നട യോഗ്യത ഉള്ളവരെ കാസറഗോഡ് ജില്ലയിലെ ഭാഷ ന്യൂന പ്രദേശങ്ങളിലെ ഗ്രാമപഞ്ചായത്തുകളിലും നിയമിച്ചിരുന്നു. ആയതിന് വേണ്ടി കാലാകാലങ്ങളിൽ ഈ ഓഫീസിൽ നിന്നും തമിഴ് യോഗ്യതയുള്ള ജൂനിയർ സൂപ്രണ്ട് / അസി സെക്രട്ടറി തസ്തികയിലെ ജീവനക്കാരുടെ മുൻഗണന പട്ടിക തയ്യാറാക്കുകയും ആയതിൽ നിന്നും KS&SSR 9(d) പ്രകാരം സെക്രട്ടറി തസ്തികയിൽ താത്കാലിക സ്ഥാനക്കയറ്റം നൽകി വന്നിരുന്നതുമാണ്.

ഇത്തരത്തിൽ സ്ഥാനക്കയറ്റം അനുവദിക്കവെ ഇപ്രകാരമുള്ള സ്ഥാന ക്കയറ്റം S.R.O No.371/2012 (G.O( P) 20/2012/P&ARD dated 21.04.2012) വിജ്ഞാപന പ്രകാരം, 1958 ലെ KS&SSR PART II ലെ ചട്ടം 9 (ഡി)യിൽ വരുത്തിയ ഭേദഗതി അനുസരിച്ചല്ല എന്ന് ചൂണ്ടികാണിച്ച് ഈ വകുപ്പിൽ ലഭിച്ച പരാതികളുടെ അടിസ്ഥാന ത്തിൽ പരിശോധിച്ച് പ്രസ്തുത KS&SSR ചട്ടം 9(d) പ്രകാരമുള്ള സ്ഥാനക്കയറ്റം കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന തമിഴ് ഭാഷാ ന്യൂനപക്ഷ പരീക്ഷ പാസ്സായ ജീവനക്കാർക്ക് അനുവദിക്കുന്നത് ഈ വകുപ്പിൽ നിർത്തി വെച്ചിരുന്നു.

KS&SSR ചട്ടം 9(d) പ്രകാരമുള്ള സ്ഥാനക്കയറ്റം കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന തമിഴ് ഭാഷാ ന്യൂനപക്ഷ പരീക്ഷ പാസ്സായ ആളെന്ന നിലയിൽ അനുവദിക്കണമെന്നു കാണിച്ച് ശ്രീ. മുസ്സിൻ പി.എം. എന്നയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച സൂചന (2) ഹർജിയിൽ തീരുമാനം എടുക്കാൻ രണ്ടാം എതിർ കക്ഷിയായ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ശ്രീ. മുസ്സിൻ പി.എം.- ന് S.R.O No.371/2012 (G.O( P) 20/2012/P&ARD dated 21.04.2012) വിജ്ഞാപന പ്രകാരം, 1958 ലെ KS&SSR PART II ലെ ചട്ടം 9(ഡി)യിൽ വരുത്തിയ ഭേദഗതി അനുസരിച്ചുള്ള യോഗ്യത ഇല്ലാത്തതിനാൽ ടിയാന് സ്ഥാനക്കയറ്റം അനുവദിക്കാൻ കഴിയില്ല എന്ന തീരുമാനം കൈക്കൊണ്ട് പ്രസ്തുത ഉത്തരവ് നടപ്പാക്കി ഈ വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ അതിനു ശേഷം ശ്രീ മുസ്സിൻ പി.എം. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ പരാമർശം (3) പ്രകാരം സമർപ്പിച്ച ഹർജിയിൽ ഈ വിഷയത്തിൽ അപേക്ഷകനെ നേരിൽ കേട്ട് തീരുമാനം എടുക്കാൻ ഒന്നാം എതിർ കക്ഷിയായ സർക്കാരിനെ ചുമതലപ്പെടുത്തുകയും ടി ഉത്തരവ് നടപ്പാക്കി സർക്കാർ പുറപ്പെടുവിച്ചിച്ച പരാമർശം (4) ഉത്തരവിൽ ഈ വിഷയത്തിൽ പഞ്ചായത്ത് ഡയരക്ടർ കൈക്കൊണ്ട തീരുമാനം തെറ്റാണെന്നും S.R.O No.371/2012 (G.O (P) 20/2012/P&ARD dated 21.04.2012) വിജ്ഞാപന പ്രകാരം KS&SSR PART II ലെ ചട്ടം 9(ഡി)യിൽ വരുത്തിയ ഭേദഗതി 1 മുതൽ 10 വരെ ക്ലാസ്സിൽ ന്യൂനപക്ഷ ഭാഷയിൽ പഠിച്ചവരോടൊപ്പം കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന തമിഴ് ഭാഷാ ന്യൂനപക്ഷ പരീക്ഷ പാസ്സായ ജീവനക്കാർക്കും Out turn സ്ഥാനക്കയറ്റത്തിനു അർഹത ഉണ്ടെന്നും വ്യക്തമാക്കി ഉത്തരവ് നൽകുകയും പരാമർശം (5) പ്രകാരം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ യോഗ്യതയും ഉള്ള ജീവനക്കാരുടെ ഒരു മുൻഗണന പട്ടിക പരാമർശം (6) പ്രകാരം ഈ വകുപ്പിൽ പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത പട്ടിക പ്രസിദ്ധീകരിച്ചതിനെതിരെ ഈ വകുപ്പിൽ സമർപ്പിക്കപ്പെട്ട ആക്ഷേപങ്ങളിൽ സ്വീകരിക്കേണ്ട തുടർ നടപടി സംബന്ധിച്ച് പരാമർശം (7) പ്രകാരം പ്രസ്തുത അക്ഷേപങ്ങളുടെ പകർപ്പ് സഹിതം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ സർക്കാരിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല.

തുടർന്ന് ശ്രീ T. ആനന്ദൻ മുതൽ പേർ ബഹു. കേരള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച ഹർജിയിലെ ഇടക്കാല ഉത്തരവിൽ ഭാഷ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറി തസ്തികയിലെ നിയമനം

പരാമർശം (6) പ്രകാരമുള്ള പട്ടികയിൽ നിന്നും ആണെന്ന് ടി ഹർജിയിലെ ഒന്നാം എതിർ കക്ഷിയായ സർക്കാരും രണ്ടാം എതിർ കക്ഷിയായ പഞ്ചായത്ത് ഡയരക്ടറും ഉറപ്പ് വരുത്തണമെന്ന് പരാമർശം (8) പ്രകാരമുള്ള ഇടക്കാല ഉത്തരവിൽ പറഞ്ഞിരിക്കുന്നു.

S.R.O No.371/2012 (G.O( P) 20/2012/P&ARD dated 21.04.2012) വിജ്ഞാപന പ്രകാരം, 1958 ലെ KS&SSR PART II ലെ ചട്ടം 9 (ഡി)യിൽ വരുത്തിയ ഭേദഗതി അനുസരിച്ചുള്ള യോഗ്യത ഇല്ലാത്തതിനാൽ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന തമിഴ് ഭാഷാ ന്യൂനപക്ഷ പരീക്ഷ പാസ്സായ ജീവനക്കാരെ Out turn സ്ഥാനക്കയറ്റത്തിനു പരിഗണിക്കരുതെന്ന് കാണിച്ച് ശ്രീ. നവാസ് എന്നയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിൽ ഹർജി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഹർജിയിൽ ഉത്തരവുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

**സംസ്ഥാനത്ത് നിലവിൽ ഭാഷ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഗ്രാമപഞ്ചായത്തു കളിൽ അടക്കമുള്ള ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറി തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറി തസ്തിക ഒഴിഞ്ഞു കിടക്കുന്നത് കോവിഡ 19 പ്രതിരോധ പ്രവർത്തനങ്ങളെയും പഞ്ചായത്തിന്റെ തനത് പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കുന്നു എന്ന് വിവിധ തലങ്ങളിൽ നിന്നും പരാതികൾ ഉയർന്നു വന്നിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങളും പൊതു ജനങ്ങൾക്ക് നൽകുന്ന വിവിധ സേവനങ്ങളും സമയബന്ധിതമായി നിർവഹിക്കുന്നതിന് സെക്രട്ടറി തസ്തികയിലെ ഒഴിവ് നികത്തപ്പെടേണ്ടതാണെന്ന് കാണുന്നു.**

**നിലവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ റെഗുലർ സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് പരാമർശം (10) പ്രകാരം യോഗ്യരായ ജൂനിയർ സൂപ്രണ്ട് / അസിസ്റ്റന്റ് സെക്രട്ടറിമാരുടെ വകുപ്പ് തല പ്രൊമോഷൻ കമ്മിറ്റി കൂടി തയ്യാറാക്കിയ സെലക്റ്റ് ലിസ്റ്റ് നിലവിലുണ്ട്.** എന്നാൽ ശ്രീ. T. ആനന്ദൻ മുതൽ പേർ ബഹു കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിൽ സമർപ്പിച്ച ഹർജിയിലെ ഇടക്കാല ഉത്തരവിൽ ഭാഷ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറി തസ്തികയിലെ നിയമനം പരാമർശം (6) പ്രകാരമുള്ള പട്ടികയിൽ നിന്നും ആണെന്ന് ടി ഹർജിയിലെ ഒന്നാം എതിർ കക്ഷിയായ സർക്കാരും രണ്ടാം എതിർ കക്ഷിയായ പഞ്ചായത്ത് ഡയരക്ടറും ഉറപ്പ് വരുത്തണമെന്ന ഉത്തരവ് നില നിൽക്കുന്നതിനാലും മുകളിൽ പറഞ്ഞ അടിയന്തര സാഹചര്യങ്ങൾ പരിഗണിച്ച് സെക്രട്ടറി തസ്തികകൾ ഒഴിച്ചിടാൻ കഴിയാത്ത സാഹചര്യത്തിലും പരാമർശം (8) ഹർജിയിലെയും പരാമർശം (9) ഹർജിയിലെയും അന്തിമ തീർപ്പിന് വിധേയമായി പരാമർശം (6) പ്രകാരമുള്ള പട്ടികയിൽ ഉൾപെട്ട ജീവനക്കാർക്ക് KS&SSR PART II ലെ ചട്ടം 9 (ഡി) യിലെ വ്യവസ്ഥകൾക്ക് വിധേയമായി ഭാഷ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറി തസ്തികയിലെ നിലവിലുള്ള ഒഴിവുകളിൽ പരാമർശം (8) ഹർജിയിലെ ഇടക്കാല ഉത്തരവും ഈ വിഷയത്തിൽ പരാമർശം (4) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും ചുവടെ ചേർക്കും പ്രകാരം 51400-110300 ശമ്പള നിരക്കിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ തികച്ചും താത്കാലികമായി

സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| SL No | Seniority No | Column No I | Column No II |
|---|---|---|---|
| 1 | 2564 | C V Bahuleyan<br>Alathur<br>Grama Panchayat Palakkad | Eruthembathi Grama Panchayat Palakkad in the existing vacancy |
| 2 | 2573 | Aji K Panicker<br>Kunnathukal<br>Grama Panchayat<br>Thiruvananthapuram | Kokkayar Grama Panchayat Idukki in the existing vacancy |
| 3 | 2576 | Chandrika A<br>o/o District Panchayat<br>Palakkad | Pattanchery Grama Panchayat Palakkad Gireesh E V Transfered |
| 4 | 2593 | P M Muhsin<br>Vellavoor<br>Grama Panchayat Kottayam | Rajakumari Grama Panchayat Idukki in the existing vacancy |
| 5 | 2612 | S Shahul Hameed<br>Vandiperiyar<br>Grama Panchayat Idukki | Upputhara Grama Panchayat Idukki Sajukumar K S transferred |
| 6 | 2617 | Pradeep P G<br>Ambalappara<br>Grama Panchayat Palakkad | Elappara Grama Panchayat Palakkad Idukki in the existing vacancy |
| 7 | 2637 | Ramshad A<br>Ochira Grama Panchayat Kollam | Santhanpara Grama Panchayat Idukki in the existing vacancy |
| 8 | 2704 | Suresh.V<br>O/o Assistant Direector of Panchayats<br>Kollam | Pambadumpara Grama Panchayat Idukki in the existing vacancy |

ഇത്തരത്തിലുള്ള സ്ഥാനക്കയറ്റം ലഭിക്കുന്ന ജീവനക്കാരെ ടി തസ്തികയിലെ പ്രോബെഷണർ ആയി കണക്കാക്കുകയോ സ്ഥിര നിയമനത്തിന് മുൻഗണന നൽകുകയോ ചെയ്യുന്നതല്ല.

മേൽ പറഞ്ഞ ഉദ്യോഗസ്ഥരുടെ സേവന പുസ്തകത്തിൽ KS&SSR PART II

ലെ ചട്ടം 9 (ഡി) പ്രകാരമുള്ള താത്കാലിക സ്ഥാനക്കയറ്റം എന്ന് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ രേഖപ്പെടുത്തേണ്ടതാണ്.

ഈ ഉത്തരവ് പ്രകാരമുള്ള സ്ഥാനക്കയറ്റങ്ങൾ പരാമർശം (8),(9) ഹർജികളിലെ അന്തിമ തീർപ്പിന് വിധേയമായും പരാമർശം (7) പ്രകാരം സമർപ്പിച്ചിട്ടുള്ള അപ്പീലുകളിലെ സർക്കാർ തീരുമാനത്തിന് വിധേയമായും പുനഃപരിശോധിക്കുന്നതാണ്.

**DR.P.K.JAYASREE IAS**
പഞ്ചായത്ത് ഡയറക്ടർ

പകർപ്പ്

1. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. പഞ്ചായത്ത് ഡയറക്ടറുടെയും അഡീഷണൽ ഡയറക്ടറുടെയും സി എ ക്ക്
3. ലെയ്സൻ ഓഫീസർ തദ്ദേശ സ്വയം ഭരണ വകുപ്പ്
4. കരുതൽ / അധികം

Signature Not Verified

Digitally signed by P K Jayasree
Date: 2021.07.02 06:02:37 PDT
Reason: Approved